**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2133** 06.10.2016- ൽ മറുപടിക്ക്

# പൊതുമരാമത്ത് കരാറുകാർക്കുള്ള കടിശ്ശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. മുല്ലക്കര രത്നാകരൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് കരാറുകാർക്ക് കടിശ്ശിക ഇനത്തിൽ എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് കരാറുകാർക്ക് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏപ്രിൽ 2015 മുതൽ ജൂലൈ 2015 വരെയുള്ള കടിശ്ശികയായ 526.23 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 199 കോടി 35 ലക്ഷം രൂപയും, ദേശീയപാതാ വിഭാഗത്തിൽ 80.69 കോടി രൂപയും നൽകിയിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | പൊതുമരാമത്ത് റോഡുകളുടെ നവീകരണത്തിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 343.69 കോടി രൂപയും അറ്റകുറ്റപ്പണികൾക്കായി 135.19 കോടി രൂപയും ഈ സർക്കാർ ചെലവഴിച്ചിട്ടുണ്ട്.<br>ദേശീയപാതാ വിഭാഗത്തിൽ റോഡ് നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 5.18 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ